THE CONTRARIAN CONSULTANT

ടിനി ഫിലിപ്പ്

ഇന്ത്യയിലും ബിസിനസ് രാജ്യങ്ങളിലുമായി നിരവധി സംരംഭങ്ങളുടെ ബിസിനസ് അഡൈ്വസറായ ടിനി ഫിലിപ്പിന് സ്വതസിദ്ധതയും സ്വയം പര്യാപ്തതയുമുള്ള ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിൽ 22 വർഷത്തെ പരിചയ സമ്പത്തുണ്ട്. യുവത്വ ബിസിനസ് അഡൈ്വസർ ആയി പ്രവർത്തനം ആരംഭിച്ച അദ്ദേഹം നിലവിൽ, കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറാണ്.
ഇ-മെയിൽ: tinyphilip@gmail.com

വായ്പയെടുക്കാതെ എങ്ങനെ മികച്ച സംരംഭം കെട്ടിപ്പടുക്കാം

ബിസിനസിന് ഇത്രയും നിക്ഷേപം എന്തിനാണ് എന്ന ചോദ്യം ചിലപ്പോൾ നിങ്ങളെ വായ്പയെടുക്കാതെ മികച്ച ബിസിനസ് കെട്ടിപ്പടുക്കാൻ സഹായിക്കും

വായ്പയെടുക്കാതെ ഒരു മികച്ച സംരംഭം കെട്ടിപ്പടുക്കുക സാധ്യമാണോ, സംരംഭകർക്ക് മുന്നിലുള്ള ഒരു പ്രധാന ചോദ്യം ഇതാണ്. പരമ്പരാഗത രീതിയിലുടെ ബിസിനസ് ചെയ്യുമ്പോൾ സാധാരണ ഒരു ബിസിനസുകാരന് വായ്പയെടുക്കേണ്ടി വരാറുണ്ട്. വായ്പാ തിരിച്ചടവുകൾ ഇൻകം ടാക്സ് ബാധ്യത കുറയ്ക്കുന്നതിനാൽ സർക്കാർ വായ്പകളെ പ്രോൽസാഹിപ്പിക്കുന്നുമുണ്ട്.

ഇന്നെല്ലാ കമ്പനികളും ബിസിനസിൽ വായ്പകൾ പ്രയോജനപ്പെടുത്തുന്നുണ്ട്. ബിസിനസിൽ ലാഭം കിട്ടുന്നതിനനുസരിച്ച് ഡിവിഡന്റ് നൽകേണ്ടി വരുന്ന ഓഹരിപോലെയല്ല വായ്പകൾ. ബിസിനസിൽ ലാഭമുണ്ടായാലും ഇല്ലെങ്കിലും വായ്പകൾക്ക് ഒരു നിശ്ചിത തുക പലിശയിനത്തിൽ അടയ്ക്കേണ്ടി വരുന്നു. വായ്പയെടുക്കുകയും നിങ്ങളുടെ ബിസിനസ് പ്രതീക്ഷിച്ച തിലും മോശമായി മുന്നോട്ട് പോകുകയും ചെയ്യുകയാണെങ്കിൽ കമ്പനി നഷ്ടത്തിലേക്ക് പോയേക്കാം. ഇത് പ്രവർത്തനമൂലധനത്തിന് ക്ഷയം വരുത്തുകയും വൻ നഷ്ടങ്ങൾക്ക് വഴിവെക്കുകയും ചെയ്യും. ഈ തുടർസംഭവങ്ങൾ തുടർന്നാൽ ചിലപ്പോൾ ബിസിനസ് പൂട്ടിപ്പോകേണ്ടതായി വരാം. മറ്റൊരു പ്രശ്നം പരമ്പരാഗത രീതിയിൽ ബിസിനസ് നടത്താൻ ആവശ്യമായി വരുന്ന വൻ നിക്ഷേപമാണ്. അതുകൊണ്ടുതന്നെ ബിസിനസ് വിജയകരമായി മുന്നോട്ട് കൊണ്ടുപോകാൻ മിക്ക സംരംഭകർക്കും ബാങ്ക് വായ്പകളെ ആശ്രയിക്കേണ്ടിവരുന്നു. ഓഹരിയിൽ നിന്നുള്ള നേട്ടം അത്ര ആകർഷകമല്ലാത്തതിനാൽ ആവശ്യത്തിന് ഫണ്ടുകളുണ്ടെങ്കിലും ചിലപ്പോൾ സംരംഭകർക്ക് വായ്പയെടുക്കേണ്ടതായി വരും.

തിരിച്ചറിവ്

ഈ പ്രശ്നത്തെ വിശദമായി മനസിലാക്കാൻ കേരളത്തിൽ ഒരു പുതിയ എഫ്എംസിജി ബിസിനസ് തുടങ്ങാനിരിക്കുന്ന സംരംഭകന്റെ ഉദാഹരണമെടുക്കാം. ഒരു കോടി രൂപയോളം ഫണ്ടുള്ളതിനാൽ അദ്ദേഹം വായ്പയെടുക്കാതെ ബിസിനസ് തുടങ്ങാൻ പദ്ധതിയിടുന്നു. പുതിയ എഫ്എംസിജി ബിസിനസിനെക്കുറിച്ച് വിശദമായ ഒരു സാധ്യതാ പഠന റിപ്പോർട്ട് തയാറാക്കാനായി ഒരു മാനേജ്മെന്റ് കൺസൾട്ടിംഗ് കമ്പനിയെയും നിയമിച്ചു. ഉപഭോക്താക്കൾക്കിടയിൽ സർവേ നടത്തിയും റീട്ടെയ്ലേഴ്സ്, ഡിസ്ട്രിബ്യൂട്ടേഴ്സ്, മാനുഫാക്ചറേഴ്സ്, സപ്ലൈയേഴ്സ് എന്നിവരെ ഇന്റർവ്യൂ ചെയ്തും അവർ മൂന്നു മാസത്തിനുശേഷം മേഖലയെക്കുറിച്ചുള്ള സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിച്ചു.

സാധ്യതാ പഠന റിപ്പോർട്ട് മുന്നോട്ട് വെച്ച സുപ്രധാന നിർദേശമിതായിരുന്നു. ഒരു ഫാക്ടറി പുതുതായി രൂപീകരിക്കുകയും റീട്ടെയ്ൽ ഷോപ്പുകളിലേക്ക് അവരുടെ തന്നെ സെയിൽസ് വാനുകളിൽ ഉൽപ്പന്നങ്ങൾ നേരിട്ട് എത്തിക്കുകയും ചെയ്യുക. റിപ്പോർട്ടിലെ മറ്റ് പ്രധാന പോയിന്റുകൾ ഇവയാണ്.

- രണ്ട് തരം ഉൽപ്പാദന സാങ്കേതിക വിദ്യകളാണ് ലഭ്യമായിരുന്നത്- പരമ്പരാഗതവും അത്യാധുനികവും. ലാർജ് ബാച്ചുകൾ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതാണ് അത്യാധുനിക സാങ്കേതിക വിദ്യയിലുള്ള യന്ത്രം. ഇത് കൂടുതൽ കാര്യക്ഷമതയുള്ളതാണ് (ആവശ്യമുള്ളതിലും വളരെ കൂടുതൽ) എന്നാൽ ഇതിന് പരമ്പരാഗത മെഷിനറിയെക്കാൾ 40 ലക്ഷം രൂപ കൂടുതലാകും. പരമ്പരാഗത യന്ത്രത്തിന് ആവശ്യമായ ഉൽപ്പാദന ക്ഷമതയുണ്ട്. പക്ഷെ ഇത് കാര്യക്ഷമതയിൽ അൽപ്പം പിന്നിലാണ്. കാര്യക്ഷമതകൂടിയ അത്യാധുനിക യന്ത്രത്തിലേക്ക് മാറുക എന്നതായിരുന്നു നിർദേശം.
- വ്യവസായം നിഷ്കർഷിച്ചിരിക്കുന്നത് പോലെ റീട്ടെയ്ലേഴ്സിന് ഒരു മാസത്തെ ക്രെഡിറ്റ് നൽകണം.
- ആവശ്യത്തിന് ലഭ്യത ഉറപ്പാക്കാനായി രണ്ട് മാസത്തേക്കുള്ള ഉൽപ്പന്നങ്ങളുടെ സ്റ്റോക്ക് (FG) സൂക്ഷിക്കണം.
- മികച്ച ഫാക്ടറി ഉൽപ്പാദനത്തിനായി, ഒരു മാസത്തെ 'വർക്ക് ഇൻ പ്രോസസ്' (WIP) ആവശ്യമാണ്.
- ശരിയായ സപ്ലൈയ്ക്കായി രണ്ട് മാസത്തെ റോമെറ്റീരിയൽസ് സ്റ്റോക്കെങ്കിലും ഉണ്ടാകണം.

ഒരു വർഷത്തിന് ശേഷമുള്ള ബിസിനസിന്റെ പ്രതിമാസ ലാഭനഷ്ട കണക്കുകൾ ടേബിൾ ഒന്നിൽ നൽകിയിരിക്കുന്നത് പോലെയാണ്.

ടേബിൾ ഒന്നിൽ കാണുന്നത് പോലെ ബിസിനസിൽ നിന്നുള്ള പ്രതിമാസ വരുമാനം 3 ലക്ഷം രൂപയാണ്, അതായത് വാർഷിക വരുമാനം 3 ലക്ഷം X 12 മാസം = 36 ലക്ഷം/വർഷം.

Table 1 – Projected Monthly P&L of FMCG business after 1 Year

Code	Item	Calculation	Rs
A	Revenue		3000000
B	RM Cost	50% of A	1500000
C	Gross Profit	A-B	1500000
D	Interest		0
E	Overhead		1200000
F	Profit	C-D-E	300000

Table 2 – Projected Balance Sheet of FMCG business after 1 Year

Code	Item	Calculation	Rs
A	Debtors	1 month	3000000
B	FG Stock	2 months	6000000
C	WIP Stock	1 month	3000000
D	RM Stock	2 months	3000000
E	Fixed Assets	Latest Manufacturing Technology	10000000
F	Total Assets	A+B+C+D+E	25000000
G	Equity		25000000
H	Loans		0
I	Total Liability	G+H	25000000

Table 3 – Projected Balance Sheet of FMCG business (With Loans)

Code	Item	Calculation	Rs
A	Debtors	1 month	3000000
B	FG Stock	2 months	6000000
C	WIP Stock	1 month	3000000
D	RM Stock	2 months	3000000
E	Fixed Assets	Latest Manufacturing Technology	10000000
F	Total Assets	A+B+C+D+E	25000000
G	Equity		10000000
H	Loans		15000000
I	Total Liability	G+H	25000000

ഒരു വർഷത്തിന് ശേഷമുള്ള ബിസിനസിന്റെ ബാലൻസ് ഷീറ്റ് ടേബിൾ രണ്ടിൽ കാണുന്നത് പോലെയാണ്.

ടേബിളിൽ കാണുന്നത് പോലെ, ബിസിനസിനാവശ്യമായ ആകെ നിക്ഷേപം 250 ലക്ഷം രൂപയാണ്. വായ്പയെടുക്കാൻ താൽപ്പര്യമില്ലാത്തതിനാൽ സംരംഭകൻ സ്വന്തം ഫണ്ടിൽ നിന്ന് കമ്പനിയിലേക്കുള്ള ഓഹരി തുക മുഴുവനും ഇറക്കേണ്ടി വരും. ഈ സാഹചര്യത്തിൽ സംരംഭകന്റെ ഓഹരിയിൽ നിന്നുള്ള നേട്ടം വാർഷിക ലാഭം/ഓഹരി =36 ലക്ഷം/250 ലക്ഷം = 14.4%.

തന്റെ 2.5 കോടി രൂപ നിക്ഷേപിച്ച് 3.6 കോടി രൂപ മാത്രം വിറ്റുവരവ് നേടുന്ന കമ്പനിയുടെ ഈ കണക്ക് കണ്ട് സംരംഭകൻ ഞെട്ടി. വെറും ഒരു കോടി രൂപ മാത്രം കയ്യിലുള്ള സംരംഭകനോട് വായ്പയെടുക്കാൻ മാനേജ്മെന്റ് കൺസൾട്ടിംഗ് കമ്പനി നിർദേശിച്ചു. വായ്പ തരപ്പെടുത്താനായി ഒരു നിശ്ചിത ഫീസ്